പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6706 1.11.2011 ൽ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരണം</u>

<u>ചോദ്യം</u>
ശ്രീ. പി.കെ. ബഷീർ

<u>ഉത്തരം</u>
ശ്രീ. വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണം വാഹന പരിശോധന കർശനമായി നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പിന് ആവശ്യത്തിന് ഫീൽഡ് സ്റ്റാഫ് ഇല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും മറ്റു റോഡു സുരക്ഷാ നടപടികളും കർശനമായി നടപ്പാക്കാത്തതാണ് കേരളത്തിൽ വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാഹന പരിശോധന കർശനമായി നടപ്പാക്കുന്നതിന് വേണ്ടി രൂപീകരിക്കാൻ തീരുമാനിച്ച എൻഫോഴ്സ്മെന്റ് വിംഗിന്റെ രൂപീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിൽ ഏതെല്ലാം തസ്തികകളാണ് രൂപീകരിക്കുന്നത്; | (ബി) | മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനുള്ള ശുപാർശ ഗതാഗത കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിലൂടെ എത്ര കോടി രൂപയുടെ അധിക വരുമാനം സർക്കാരിന് ലഭിക്കും; | (സി) | പ്രതിവർഷം 330 കോടി രൂപയുടെ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് |
| (ഡി) | കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെയും, മോട്ടോർ വാഹന വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടെയും അനുപാതം എത്രയാണ്? | (ഡി) | 1:12982 |

സെക്ഷൻ ഓഫീസർ